"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - വയനാട് ജില്ലയിലെ വൈത്തിരി പോലീസ് സ്റ്റേഷന്റെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.619/2026/HOME തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:- 1) സ.ഉ.(കൈ) നം. 154/2025/ധന തീയതി 25.11.2025.

2) സംസ്ഥാന പോലീസ് മേധാവിയുടെ 15.12.2025 തീയതിയിലെ എച്ച്1-243053/2025/പി.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും, പോലീസ് സ്റ്റേഷനിൽ ഇപ്പോൾ ഉപയോഗിക്കുന്ന ഫർണിച്ചറുകൾ കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായ അവസ്ഥയിലാണെന്നും, പുതിയ കെട്ടിടത്തിൽ പഴയ ഫർണിച്ചർ ഉപയോഗിക്കുന്നത് സ്റ്റേഷന്റെ കാര്യക്ഷമത, പ്രവർത്തന സൗകര്യം എന്നിവയെ ബാധിക്കുമെന്നതിനാലും വൈത്തിരി പോലീസ് സ്റ്റേഷന്റെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിലേക്കുള്ള ഫർണിച്ചറിന്റെ അടിയന്തര ആവശ്യകത കണക്കിലെടുത്ത്, റബ്കോയിൽ നിന്നും ലഭ്യമായിട്ടുള്ള എസ്റ്റിമേറ്റ് തുകയായ 11,90,527/- രൂപ 2055-00-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ഫർണിച്ചർ വാങ്ങുന്നതിന് ഭരണാനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, വൈത്തിരി പോലീസ് സ്റ്റേഷൻ ആയി പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിൽ ഉപയോഗിച്ചിരുന്ന ഫർണിച്ചറുകൾ പരമാവധി ഉപയോഗിക്കണമെന്നും, ആയതുകൊണ്ടു മതിയാകാത്ത ഫർണിച്ചറുകൾ മാത്രമേ പുതിയതായി വാങ്ങാൻ പാടുള്ളു എന്ന നിബന്ധനക്കു വിധേയമായി, പരാമർശം 1-ലെ വ്യയനിയന്ത്രണ ഉത്തരവിൽ ഇളവു നൽകിക്കൊണ്ട്, 2055-00-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും 7 ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് വയനാട് ജില്ലയിലെ വൈത്തിരി പോലീസ് സ്റ്റേഷന്റെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് പുതിയ ഫർണിച്ചർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് മാത്യു

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (14.02.2026 ലെ (E.3394361):വ്യയം-എ3/50/2026-ധന പ്രകാരം)

ഡയറക്ടർ, ഐ&പിആർഡി. (വെബ്&ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

സെക്ഷൻ ഓഫീസർ

Date: 20-02-2026 14:26:13